# UGC NET PAPER 3 JANUARY 03, 2017 SHIFT 1 MALAYALAM QUESTION PAPER

**Note :** This paper contains **seventy five (75)** objective type questions of **two (2)** marks each. **All** questions are compulsory.

**കുറിപ്പ് :** ഈ ചോദ്യക്കടലാസ്സിൽ **എഴുപത്തിയഞ്ച്** (75) ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക് വീതം. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

**1.** പ്രൊഫ. സി. എൽ. ആന്റണിയുടെ ഘട്ട വിഭജനം ഏത് ?

(1) പ്രാചീന മലയാളം, മദ്ധ്യ മലയാളം, ആധുനിക മലയാളം

(2) കരിന്തമിഴുകാലം, മലയാണ്മക്കാലം, മലയാളകാലം

(3) പരതന്ത്രഘട്ടം, സംക്രമണഘട്ടം, സ്വതന്ത്രഘട്ടം

(4) കരിന്തമിഴുകാലം, പഴയ മലയാളകാലം, മദ്ധ്യ മലയാളകാലം, നവീന മലയാളകാലം

**2.** ചേരുംപടി ചേർക്കുക.

| **പട്ടിക I** | | **പട്ടിക II** | |
|---|---|---|---|
| a. | ഭാഷാകൗടലീയം | i. | 14-ാം നൂറ്റാണ്ട് |
| b. | തൊൽക്കാപ്പിയം | ii. | ഗദ്യകൃതി |
| c. | ലീലാതിലകം | iii. | ലക്ഷണഗ്രന്ഥം |
| d. | നന്നൂൽ | iv. | വ്യാകരണകൃതി |
| | | v. | ആട്ടക്കഥ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | ii | iii | i | iv |
| (2) | i | ii | iii | v |
| (3) | iii | v | ii | iv |
| (4) | iv | ii | v | iii |

**3.** 'ഇന്തോ ആര്യൻ ഭാഷയുടെ വ്യാകരണത്തിന്റെയും ശൈലിയുടെയും അതിപ്രാചീനമായ വിശദാംശങ്ങൾ ദ്രാവിഡത്തിന്റെ സ്വാധീന ശക്തിയാലുണ്ടായതാണ് ' എന്നു പറഞ്ഞത് ആര് ?

(1) ഷൂൾ ബ്ലോക്ക് (2) കാൽഡ്വൽ

(3) എ. ആർ. രാജരാജവർമ്മ (4) ഇളംകുളം കുഞ്ഞൻപിള്ള

4. **കാര്യം** : എതുക എന്നത് ശരിയായ രീതിയിൽ ദ്വിതീയാക്ഷരപ്രാസം എന്ന് പറയാൻ കഴിയില്ല.

**കാരണം** : (a) ദ്വിതീയാക്ഷരപ്രാസത്തിൽ രണ്ടാമത്തെ വർണ്ണം മാത്രം ശ്രദ്ധിച്ചാൽ മതി. എതുകയിൽ അതു കൂടാതെ ആദ്യവർണ്ണത്തിന്റെ മാത്രയും തുല്യമായിരിക്കണം.

(b) ദ്വിതീയാക്ഷരപ്രാസം സംസ്കൃത ഭാഷയിലും എതുക പാട്ടിലും മാത്രം വരുന്നതാണ്.

(1) കാര്യം ശരി, കാരണം (a) മാത്രം ശരി.

(2) കാര്യവും കാരണങ്ങളും തെറ്റ്.

(3) കാര്യം ശരി, കാരണം (b) മാത്രം ശരി.

(4) കാര്യം ശരി, കാരണങ്ങൾ രണ്ടും തെറ്റ്.

5. "അണ്ണെത്തൊരു നീലമഹാമേഘം പോ-

ലലറിയതീവ ഭയം വരുമാറേ" – ആരെക്കുറിച്ചാണ് ഈ വർണ്ണന ?

(1) താടക (2) ശൂർപ്പണഖ

(3) നക്രതുണ്ഡി (4) ഹിഡിംബി

6. 'ആനന്ദം' എന്ന പദംകൊണ്ട് ആരംഭിക്കുകയും 'പരമാനന്ദം' എന്ന പദംകൊണ്ട് അവസാനിക്കുകയും ചെയ്യുന്ന കൃതി ?

(1) കമ്പരാമായണം (2) കണ്ണശ്ശരാമായണം

(3) രാമചരിതം (4) അദ്ധ്യാത്മ രാമായണം

7. അ + ഞാൻ = അഞ്ഞാൻ, ഇ + നൂൽ = ഇന്നൂൽ, അ + കുടം = അക്കുടം എന്നീ ഉദാഹരണങ്ങൾക്ക് ആധാരമായ ലീലാതിലകസൂത്രം.

(1) റുട്ടോർ ദ്വിത്വം ച (2) ണസ്തസ്യ ട:

(3) സമാസേ ചാഞാദിനാം (4) ഏഭ്യാം ച

8. **കാര്യം** : കേരളത്തിലുണ്ടായ മണിപ്രവാള സന്ദേശ കാവ്യങ്ങളെല്ലാം ഏതാണ്ട് ഒരേ അച്ചിൽ വാർത്തവയാണ്.

**കാരണം** : (a) മിക്കതിലും നായിക ദേവദാസി

(b) സ്ഥലവർണ്ണനകളും ആകാശചാരികളുടെ ഇടപെടലും

(c) ഭക്തിഭാവത്തിന്റെ ആധിക്യം

(1) കാര്യം ശരി, കാരണം (a) മാത്രം ശരി.

(2) കാര്യം ശരി, കാരണം (a) യും (b) യും ശരി.

(3) കാര്യം ശരി, കാരണം (c) മാത്രം ശരി.

(4) കാര്യം ശരി, കാരണം (a) യും (b) യും (c) യും ശരി.

**9.** 'ഭാഷയിലെ വ്യാഖ്യാനപ്രസ്ഥാനത്തെ പോഷിപ്പിക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനും അത്യന്തം പ്രയോജനപ്പെടുന്ന ഒന്ന്' എന്ന് വടക്കുംകൂർ രാജരാജവർമ്മ വിശേഷിപ്പിച്ച വ്യാഖ്യാനം.

(1) പ്രാഞ്ജലി (ഭാഷാനൈഷധം ചമ്പു)
(2) കാന്താരതാരകം (നളചരിതം)
(3) രസികകൗതുകം (നളചരിതം)
(4) ഭാവദീപം (ഭാരതം ചമ്പു)

**10.** ഉഡുനികരമെഴുത്തായ്, പത്രമായ് മാന, മൊപ്പായ്
മുഴുമതി, മദനൻ തീട്ടിങ്ങു സന്ധ്യോപനീതം" –
ഏതു കൃതിയിൽ നിന്ന് ?

(1) ചെറിയച്ചി
(2) മല്ലീനിലാവ്
(3) കൗണോത്തര
(4) ഇളയച്ചി

**11.** ചേരുംപടി ചേർക്കുക.

| **പട്ടിക I** | **പട്ടിക II** |
|---|---|
| a. മാപ്പിളപ്പാട്ട് | i. വിനോദപരം |
| b. തോറ്റംപ്പാട്ട് | ii. വീരാപദാനം |
| c. കറ്റപ്പാട്ട് | iii. വർഗ്ഗപരം |
| d. കുഞ്ഞുതമ്പിപ്പാട്ട് | iv. അനുഷ്ഠാനപരം |
| | v. തൊഴിൽപരം |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | ii | iii | iv | v |
| (2) | ii | iv | iii | i |
| (3) | iii | iv | v | ii |
| (4) | iii | v | ii | i |

**12.** കാലഗണനയനുസരിച്ച് ശരിയായ ക്രമമേത് ?

(1) അംബരീഷോപാഖ്യാനം, ബ്രഹ്മാണ്ഡപുരാണം, ഭാഷാകൗടലീയം, ദൂതവാക്യം
(2) ഭാഷാകൗടലീയം, അംബരീഷോപാഖ്യാനം, ദൂതവാക്യം, ബ്രഹ്മാണ്ഡപുരാണം
(3) ബ്രഹ്മാണ്ഡപുരാണം, ഭാഷാകൗടലീയം, ദൂതവാക്യം, അംബരീഷോപാഖ്യാനം,
(4) ദൂതവാക്യം, ഭാഷാകൗടലീയം, അംബരീഷോപാഖ്യാനം, ബ്രഹ്മാണ്ഡപുരാണം

Prepp
Your Personal Exams Guide

**13.** തിരുമാന്ധാംകുന്ന് ഭഗവതിയുടെ കേശാദിപാദത്തെ സ്തുതിക്കുന്ന കൃതി എഴുതിയത്

(1) എഴുത്തച്ഛൻ

(2) കുഞ്ചൻ നമ്പ്യാർ

(3) പൂന്താനം

(4) രാമപുരത്തുവാരിയർ

**14.** വിപരീതഭക്തി ആവിഷ്ക്കരിക്കുന്ന കിളിപ്പാട്ടുകൾ

(a) ഭാരതം കിളിപ്പാട്ടിൽ

(b) ഭാഗവതം കിളിപ്പാട്ടിലും പ്രഹ്ളാദചരിതം കിളിപ്പാട്ടിലും

(c) അധ്യാത്മരാമായണം കിളിപ്പാട്ടിൽ

(d) കിളിപ്പാട്ടുകളിൽ വിപരീതഭക്തിയുടെ ആവിഷ്കാരമില്ല

(1) (a) ശരി (2) (b) ഉം (c) ഉം ശരി

(3) (d) ശരി (4) (a) യും (b) യും ശരി

**15.** താഴെ കൊടുത്തിരിക്കുന്ന ഈരടികൾ ഏതേതു കൃതിയിൽ നിന്ന് ?

(a) മദിച്ചോരാനകളെതിർത്തതുപോലെ
സമുദ്രങ്ങൾ തമ്മിൽ പ്പൊരുതപോലെയും

(b) "........ മദിച്ചോ
രാനയൊടൊരാനപൊരും പോലെയും
കടലൊടെതിർപ്പൊരുകടൽ പോലെയും

(1) (a) ഭാരതം കിളിപ്പാട്ട് (b) ഭാരതമാല

(2) (a) കൃഷ്ണഗാഥ (b) ഭാരതമാല

(3) (a) ഭാഗവതം കിളിപ്പാട്ട് (b) ഭാരതഗാഥ

(4) (a) ഭാരതം കിളിപ്പാട്ട് (b) കണ്ണശ്ശ ഭാരതം

**16.** വി. കൃഷ്ണൻ തമ്പി, കെ.സി. കേശവപിള്ള, കെ.എൻ. ഗോപാലപിള്ള – എന്ന ഗണത്തിൽപ്പെടുത്താവുന്ന പേര്

(1) അപ്പുണ്ണിപ്പൊതുവാൾ

(2) കലാമണ്ഡലം കേശവൻ

(3) കുടമാളൂർ കരുണാകരൻ നായർ

(4) അരിക്കത്ത് കിട്ടുണ്ണി മേനോൻ

Prepp
Your Personal Exams Guide

**17.** 'മധുരിപു ചരിതം മനോഭിരാമം

മധുരപദാകലിതം മണിപ്രവാളം' – ഈ പ്രസ്താവന തുടക്കത്തിൽ കാണുന്ന കൃതി ?

(1) ശ്രീകൃഷ്ണ വിലാസം (2) ശ്രീകൃഷ്ണ വിജയം

(3) ശ്രീകൃഷ്ണ കർണാമൃതം (4) ശ്രീകൃഷ്ണ ചരിതം

**18.** **കാര്യം** : സദസ്സിന്റെ പുനർനിർമ്മിതി എന്ന ദൗത്യമായിരുന്നു കുഞ്ചൻ നമ്പ്യാർക്കു മുന്നിലുണ്ടായിരുന്ന കടുത്ത വെല്ലുവിളി.

**കാരണം** : (a) കഥകളിയുടെയും കൂടിയാട്ടത്തിന്റെയും വരേണ്യ സദസ്സ് സംസ്കൃത പക്ഷപാതിത്വമുള്ളതായിരുന്നു.

(b) ഉത്സവപ്പറമ്പിന്റെ നാനാത്വവും ഭിന്നരസരുചികളുമാണ് നമ്പ്യാരെ അഭിമുഖീകരിച്ചത്.

(c) ആഢ്യക്ഷേത്രകലകളുടെ സാങ്കേതികതയിലും സംസ്കൃതഭാഷയിലും നമ്പ്യാർക്ക് കാര്യമായ അവഗാഹമില്ലായിരുന്നു.

(1) കാര്യം ശരി, കാരണം (c) മാത്രം ശരി.

(2) കാര്യം ശരി, കാരണം (b) മാത്രം ശരി.

(3) കാര്യം ശരി, കാരണം (a) യും (b) യും ശരി.

(4) കാര്യം ശരി കാരണം (a) മാത്രം ശരി.

**19.** **കാര്യം** : മിഷണറിഗദ്യത്തെ ആധുനിക ഗദ്യത്തിന്റെ മാതൃകയായി കണക്കാക്കാം.

**കാരണം** : (a) വാമൊഴിയോടു ചേർന്നുനില്ക്കുന്ന വരമൊഴിയിലെ പ്രതിപാദനരീതി.

(b) പ്രതിപാദ്യത്തിന്റെ വ്യക്തതയിലും കൃത്യതയിലുമുള്ള ശ്രദ്ധ.

(1) കാര്യം ശരി, കാരണം (a) മാത്രം ശരി.

(2) കാര്യം ശരി, കാരണം (b) മാത്രം ശരി.

(3) കാര്യം ശരി, കാരണങ്ങൾ രണ്ടും ശരി.

(4) കാര്യം ശരി, കാരണങ്ങൾ രണ്ടും തെറ്റ്.

**20.** ഗുരുവും ശിഷ്യനും തമ്മിലുള്ള സംവാദ രൂപത്തിൽ ക്രിസ്തുമത തത്വങ്ങൾ വിവരിക്കുന്ന ഗ്രന്ഥം എഴുതിയത് ആര് ?

(1) ഗുണ്ടർട്ട്

(2) റിച്ചാർഡ് കോളിൻസ്

(3) തോബിയാസ് സക്കറിയാസ്

(4) ക്ലമന്റ് പിയാനിയോസ്

**21.** 'അന്യഭാഷാബ്ധിയിലാണ്ടാണ്ടു മുങ്ങിയ

ധന്യരേ, നിങ്ങൾ തൻ വേല പാഴിൽ' – എന്ന് എഴുതിയ കവി

(1) ആശാൻ (2) വൈലോപ്പിള്ളി

(3) വള്ളത്തോൾ (4) ഉള്ളൂർ

**22.** മലയാള ഗദ്യത്തിന്റെ വികാസത്തിന് കേരളവർമ്മ ചെയ്തത്

(a) ഗദ്യമാലികപോലുള്ള ലേഖന സമാഹാരങ്ങളുടെ പ്രസാധനം

(b) വിദ്യാർത്ഥികൾക്ക് പ്രഭാഷണ മത്സരങ്ങളും പ്രോത്സാഹനവും

(c) വിവിധ വിജ്ഞാന മേഖലകളിലെ അറിവുകൾ പരിഭാഷയിലൂടെ പരിചയപ്പെടുത്തി

(d) മലയാള അദ്ധ്യായനം സുഗമമാക്കാൻ ഇംഗ്ലീഷിൽ മാർഗ്ഗ നിർദ്ദേശ ഗ്രന്ഥങ്ങൾ തയ്യാറാക്കി

(1) a-ഉം b-ഉം ശരി (2) a-ഉം d-ഉം ശരി

(3) b-ഉം, c-ഉം, d-ഉം ശരി (4) a-ഉം, b-ഉം, c-ഉം ശരി.

**23.** വേശ്യാവൃത്തിയെക്കുറിച്ച് ഉപദേശം നൽകുന്ന രചനകൾ

(1) വൈശികതന്ത്രം, അംബോപദേശം

(2) വൈശികതന്ത്രം, അതിമോഹം

(3) വൈശികതന്ത്രം, പൂരപ്രബന്ധം

(4) വൈശികതന്ത്രം, ആത്മോപദേശം

**24.** ചേരുംപടി ചേർക്കുക.

| പട്ടിക I | | പട്ടിക II | |
|---|---|---|---|
| a. | കവി പുഷ്പമാല | i. | കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ് |
| b. | കവിമൃഗാവലി | ii. | കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ |
| c. | കവിരാമായണം | iii. | ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ |
| d. | കവിപക്ഷിമാല | iv. | മൂലൂർ എസ്. പത്മനാഭപ്പണിക്കർ |
| | | v. | കാത്തുള്ളി അച്യുതമേനോൻ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | iii | iv | i |
| (2) | v | iii | ii | v |
| (3) | iii | i | iv | v |
| (4) | v | i | iv | iii |

**25.** കേരളവർമ്മ വലിയകോയിത്തമ്പുരാൻ രചിച്ച ദൈവയോഗത്തിന്റെ സവിശേഷത

a. ആദ്ധ്യാത്മിക വിഷയങ്ങൾ അവതരിപ്പിക്കുന്നു.

b. ദ്വിതീയാക്ഷരപ്രാസം ഒഴിവാക്കിയ രചന

c. പുരാണകഥയുടെ പുനരാവിഷ്ക്കാരം

d. മഹാകാവ്യം

(1) a യും b യും ശരി (2) b യും d യും ശരി

(3) b മാത്രം ശരി (4) b യും c യും ശരി

**26.** അപ്പപ്പോൾ തന്നോടുചേരും നദികളെ

ഉപ്പുപിടിപ്പിക്കില്ലീ സമുദ്രം – ഏതു കൃതിയിൽ ?

(1) മഗ്ദലനമറിയം (2) ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി

(3) വിലാസലതിക (4) അച്ഛനും മകളും

**27.** കേരളം ജാതിമതദേശാദി വിഭാഗീയ ചിന്തകളിൽ നിന്നും ദുരാചാരങ്ങളിൽ നിന്നും മുക്തമായി ഏകമായിത്തീരുന്നതിനെ വിഭാവനം ചെയ്തുകൊണ്ടുള്ള കവിത.

(1) വഞ്ചിശഗീതം (2) കർമ്മസോപാനം

(3) ഐക്യകേരളം (4) മയിൽപ്പീലി

**28.** ചങ്ങമ്പുഴയുടെ കവിതകൾ മാത്രം ഉൾപ്പെട്ട ഗണം.

(1) ബാഷ്പാഞ്ജലി, മണിനാദം, കാവ്യാഞ്ജലി

(2) മോഹിനി, നിറപറ, സ്വരരാഗസുധ

(3) മനസ്വിനി, സൂര്യകാന്തി, യവനിക

(4) ബാഷ്പാഞ്ജലി, ആരാധകൻ, ഹേമന്തചന്ദ്രിക

**29.** മഹാത്മജിയാൽ അനുഗ്രഹിക്കപ്പെട്ട ഒരു ഹരിജന ബാലികയുടെ നിർവൃതി ആവിഷ്ക്കരിച്ചിരിക്കുന്ന കവിത

(1) ദത്തുപുത്രി (2) വഞ്ചീശ ദീപം

(3) വിഭീഷണൻ (4) കർമ്മസോപാനം

**30.** ചേരുംപടി ചേർക്കുക.

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| a. | അമ്മയെ കുളിപ്പിക്കുമ്പോൾ | i. | റോസ് മേരി |
| b. | ചാഞ്ഞു പെയ്യുന്ന മഴ | ii. | ബിന്ദുകൃഷ്ണൻ |
| c. | തൊട്ടാൽ വാടരുത് | iii. | ഗിരിജ പി. പാതേക്കര |
| d. | പെൺപിറവി | iv. | സാവിത്രി രാജീവൻ |
| | | v. | വിജില ചിറപ്പാട് |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | i | ii | iii |
| (2) | iv | ii | v | i |
| (3) | ii | v | iii | i |
| (4) | v | ii | iii | i |

**31.** ചേരുംപടി ചേർക്കുക.

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| a. | ഇടം മാറ്റിക്കെട്ടൽ | i. | വിജില ചിറപ്പാട് |
| b. | അടുക്കള | ii. | ഉമാ രാജീവ് |
| c. | പാതിരാസൂര്യൻ | iii. | സിന്ധു കെ. വി. |
| d. | മുള്ളുകൾമാത്രം ബാക്കിയാക്കുന്ന കടൽ | iv. | ഡോണമയൂര |
| | | v. | സെറീന |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | ii | i | iv | v |
| (2) | ii | i | iii | v |
| (3) | iii | iv | v | i |
| (4) | iv | v | ii | iii |

Prepp
Your Personal Exams Guide

**32.** ചേരുംപടി ചേർക്കുക.

| പട്ടിക I | | പട്ടിക II | |
|---|---|---|---|
| a. | കണ്ടാണിശ്ശേരി | i. | മയ്യഴിപ്പുഴയുടെ തീരങ്ങളിൽ |
| b. | കോട്ടുളിപ്പാടം | ii. | ആലാഹയുടെ പെണ്മക്കൾ |
| c. | തമ്പ്രാക്ക് | iii. | തട്ടകം |
| d. | കുരിയച്ചിറ | iv. | ഒരു ദേശത്തിന്റെ കഥ |
| | | v. | ഖസാക്കിന്റെ ഇതിഹാസം |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | i | iv | iii |
| (2) | iii | i | v | ii |
| (3) | iii | iv | v | ii |
| (4) | iii | v | ii | i |

**33.** മലയാറ്റൂർ രാമകൃഷ്ണന്റെ 'വേരുകൾ' എന്ന നോവലിലെ പ്രമേയം താഴെ കൊടുത്തിരിക്കുന്നതിൽ ഏതുമായി ബന്ധപ്പെടുന്നു ?

(1) കുടിയേറ്റ കർഷകരുടെ ജീവിതം

(2) തമിഴ് ബ്രാഹ്മണരുടെ ജീവിതം

(3) സർക്കാർ ഉദ്യോഗസ്ഥരുടെ ജീവിതം

(4) കർഷകത്തൊഴിലാളികളുടെ ജീവിതം

**34.** എം.ടി.യുടെ നോവലുകളുടെ ശരിയായ കാലക്രമം

(1) മഞ്ഞ് - അസുരവിത്ത് - നാലുകെട്ട് - കാലം

(2) നാലുകെട്ട് - അസുരവിത്ത് - മഞ്ഞ് - കാലം

(3) കാലം - മഞ്ഞ് - നാലുകെട്ട് - അസുരവിത്ത്

(4) അസുരവിത്ത് - മഞ്ഞ് - നാലുകെട്ട് - കാലം

Prepp
Your Personal Exams Guide

**35.** ചേരുംപടി ചേർക്കുക.

| പട്ടിക I | | പട്ടിക II | |
|---|---|---|---|
| a. | ശക്തൻ തമ്പുരാൻ | i. | വടക്കുംകൂർ രാജരാജവർമ്മ |
| b. | ഉള്ളൂർ മഹാകവി | ii. | കെ. ഭാസ്കരപിള്ള |
| c. | സ്വദേശാഭിമാനി | iii. | എം. എ. ജോർജ്ജ് |
| d. | സഖാവ് ഇ.എം.എസ്. | iv. | കെ.എം. മാത്തൻ തരകൻ |
| | | v. | പുത്തോഴത്തു രാമൻ തമ്പുരാൻ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | ii | iv | iii | i |
| (2) | ii | v | iv | i |
| (3) | iv | v | iii | ii |
| (4) | v | i | ii | iii |

**36.** 'മലയാള മഹാനിഘണ്ടു' ഒന്നാംവാല്യത്തിന് ആമുഖമെഴുതിയതാര് ?

(1) ഇളംകുളം കുഞ്ഞൻപിള്ള

(2) ശൂരനാട്ടു കുഞ്ഞൻപിള്ള

(3) ബി.സി. ബാലകൃഷ്ണൻ

(4) കെ.എം. ഗോവി

**37.** എം.പി. പോളിന്റെ ജീവിതവുമായി ബന്ധപ്പെട്ട് ശരിയായ വസ്തുതകൾ

(a) ശമ്പളം വെട്ടിക്കുറച്ചതിന്റെ പേരിൽ അദ്ധ്യാപകവൃത്തി രാജിവെച്ചു.

(b) ജീവിതാവസാനംവരെ പുരോഗമന സാഹിത്യപ്രസ്ഥാനവുമായി യോജിച്ചു പ്രവർത്തിച്ചു.

(c) സാഹിത്യ പ്രവർത്തക സഹകരണസംഘം രൂപീകരിക്കാൻ പ്രവർത്തിച്ചു.

(d) പാശ്ചാത്യ സാഹിത്യ രൂപങ്ങളെക്കുറിച്ചുള്ള ലക്ഷണ ഗ്രന്ഥങ്ങൾ മലയാളത്തിൽ അവതരിപ്പിച്ചു.

(1) a-ഉം b-ഉം ശരി

(2) a-ഉം c-ഉം d-ഉം ശരി

(3) a-ഉം b-ഉം d-ഉം ശരി

(4) a-ഉം b-ഉം c-ഉം ശരി

Prepp
Your Personal Exams Guide

**38.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | സംസ്ക്കാരത്തിന്റെ രാഷ്ട്രീയം | i. | ബി. രാജീവൻ |
| b. | അനുഭൂതികളുടെ ചരിത്രജീവിതം | ii. | എസ്. എസ്. ശ്രീകുമാർ |
| c. | ജനനിബിഡമായ ദന്തഗോപുരം | iii. | പി.പി. രവീന്ദ്രൻ |
| d. | സംസ്കാരവും വിമർശനവും | iv. | സച്ചിദാനന്ദൻ |
| | | v. | സുനിൽ പി. ഇളയിടം |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | i | iv | v |
| (2) | iv | v | i | ii |
| (3) | v | i | iv | iii |
| (4) | iv | v | i | iii |

**39.** കഥയുടെ പശ്ചാത്തലവും കഥയും ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | വയനാട് | i. | രാച്ചിയമ്മ |
| b. | കുടക് | ii. | വാസ്തുഹാരാ |
| c. | നീലഗിരി | iii. | നിശാഗന്ധി |
| d. | കൽക്കത്ത | iv. | ഒരു പൊട്ട ഭാഗ്യം |
| | | v. | പുള്ളിമാൻ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | i | iii | v | ii |
| (2) | iii | i | v | iv |
| (3) | v | i | iv | ii |
| (4) | iv | v | i | ii |

Prepp
Your Personal Exams Guide

**40.** ചേരുംപടി ചേർക്കുക.

| പട്ടിക I | | പട്ടിക II | |
|---|---|---|---|
| a. | കാശിയാത്രാ റപ്പോട്ട | i. | ജി. പി. പിള്ള |
| b. | ലണ്ടനും പാരീസും | ii. | മാനവിക്രമ ഏട്ടൻ രാജാ |
| c. | കാശിയാത്രാ ചരിത്രം | iii. | കട്ടയാട്ട് ഗോവിന്ദ മേനോൻ |
| d. | ബിലാത്തി വിശേഷം | iv. | കെ.പി. കേശവ മേനോൻ |
| | | v. | കെ.പി. ദാമോദരൻ നായർ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | i | ii | iv |
| (2) | iv | i | iii | v |
| (3) | i | iii | ii | iv |
| (4) | v | i | iii | iv |

**41.** എൻ. കൃഷ്ണപിള്ളയുടെ നാടകങ്ങളുടെ ശരിയായ ക്രമമേത് ?

(1) കന്യക - ഭഗ്നഭവനം - അഴിമുഖത്തേക്ക് - ബലാബലം

(2) ഭഗ്നഭവനം - കന്യക - ബലാബലം - അഴിമുഖത്തേക്ക്

(3) ബലാബലം - അഴിമുഖത്തേക്ക് - ഭഗ്നഭവനം - കന്യക

(4) ഭഗ്നഭവനം - ബലാബലം - അഴിമുഖത്തേക്ക് - കന്യക

**42.** ചേരുംപടി ചേർക്കുക.

| പട്ടിക I | | പട്ടിക II | |
|---|---|---|---|
| a. | ഉപദേശിയുടെ സാന്നിദ്ധ്യം | i. | തോപ്പിൽ ഭാസിയുടെ ‘അശ്വമേധം’ |
| b. | ഗ്രാമത്തിലെ സന്ന്യാസിയുടെ സാന്നിദ്ധ്യം | ii. | ശങ്കരപ്പിള്ളയുടെ ‘സ്നേഹദൂതൻ’ |
| c. | ബുദ്ധന്റെ സാന്നിദ്ധ്യം | iii. | കാവാലത്തിന്റെ ‘ദൈവത്താർ’ |
| d. | മന്ത്രവാദിയുടെ സാന്നിദ്ധ്യം | iv. | സി.ജെ. തോമസിന്റെ ‘അവൻ വീണ്ടും വരുന്നു’ |
| | | v. | എൻ. എൻ. പിള്ളയുടെ ‘പ്രേതലോകം’ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | iii | ii | i |
| (2) | iii | ii | i | v |
| (3) | i | iv | iii | ii |
| (4) | v | ii | iii | i |

**43.** ചേരുംപടി ചേർക്കുക.

| പട്ടിക I | | പട്ടിക II | |
|---|---|---|---|
| a. | നാടകരൂപയർച്ച | i. | വയലാ വാസുദേവൻ പിള്ള |
| b. | നാടകം കണ്ണിന്റെ കല | ii. | എൻ. എൻ. പിള്ള |
| c. | രംഗഭാഷ | iii. | ടി.പി. സുകുമാരൻ |
| d. | ഉയരുന്ന യവനിക | iv. | കാട്ടുമാടം നാരായണൻ |
| | | v. | സി.ജെ. തോമസ് |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | iii | i | v |
| (2) | iv | i | ii | v |
| (3) | iii | i | v | ii |
| (4) | ii | iii | i | v |

**44.** ചേരുംപടി ചേർക്കുക.

| പട്ടിക I | | പട്ടിക II | |
|---|---|---|---|
| a. | പിഴച്ചവളായ ഒരു സാധനത്തിന്റെ കഥ | i. | വർക്കിയുടെ വള്ളിച്ചെരുപ്പ് |
| b. | ആത്മഹത്യയ്ക്കു മുതിരുന്ന മാർഗരറ്റ് - അവളെ രക്ഷിക്കുന്ന നമ്പ്യാർ | ii. | ദേവിന്റെ ജീവിത സമരം |
| c. | ആരോവലിച്ചെറിഞ്ഞ രണ്ടു പട്ടിക്കുട്ടികൾ, അവയോടു ദയകാട്ടുന്ന ഒരു ബാലൻ | iii. | ഉറൂബിന്റെ മൂടൽ മഞ്ഞ് |
| d. | സ്റ്റേറ്റ് കോൺഗ്രസ് അധികാര മേൽക്കുന്ന കാലം - താലൂക്ക് കമ്മിറ്റി പ്രസിഡന്റും | iv. | സരസ്വതിയമ്മയുടെ പ്രതികാര ദേവത |
| | | v. | പൊറ്റെക്കാട്ടിന്റെ സ്ത്രീ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | iii | ii | i |
| (2) | iii | iv | i | v |
| (3) | v | iii | ii | i |
| (4) | ii | iv | i | v |

**45.** തിരക്കഥാസൂചനകളനുസരിച്ച് പട്ടിക ശരിയാക്കുക.

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| a. | കടൽ ദയാരഹിതമായി പാച്ചുവിനെ തട്ടിയെടുക്കുന്നു. | i. | കന്യാകുമാരി |
| b. | കാലഹരണപ്പെട്ട അധികാര വ്യവസ്ഥയും അടിമത്തവും സ്വാതന്ത്ര്യദാഹവും | ii. | പളുങ്ക് |
| c. | വാർദ്ധക്യ ആഹ്ലാദകരമായ അനുഭവമാകുന്ന വൃദ്ധ ദമ്പതികൾ | iii. | വിധേയൻ |
| d. | കച്ചിലെ ഭൂകമ്പവും അനാഥ ബാലനും | iv. | കാഴ്ച |
| | | v. | ചെറു പുഞ്ചിരി |
| | | vi. | മൂന്നാംപക്കം |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | ii | iv | i | v |
| (2) | vi | iii | v | iv |
| (3) | i | ii | vi | iv |
| (4) | iii | i | v | vi |

**46.** ചേരുംപടി ചേർക്കുക.

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| a. | ശബ്ദാർത്ഥൗ സാഹിതൗ കാവ്യം | i. | കുന്തകൻ |
| b. | ശബ്ദാർത്ഥൗ കാവ്യം | ii. | മമ്മടൻ |
| c. | അദോഷൗ സഗുണൗ സാലങ്കാരൗ ച ശബ്ദാർത്ഥൗ കാവ്യം | iii. | രുദ്രടൻ |
| d. | തദദോഷൗ ശബ്ദാർത്ഥൗ സഗുണാവനലംകൃതി: പുന:ക്വാപി | iv. | ഭാമഹൻ |
| | | v. | ഹേമചന്ദ്രൻ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | ii | v | iv | iii |
| (2) | iv | iii | v | ii |
| (3) | iii | ii | iv | i |
| (4) | i | iii | v | ii |

Prepp
Your Personal Exams Guide

**47.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | ഭുക്തിവാദം | i. | അഭിനവഗുപ്തൻ |
| b. | അനുമാന സിദ്ധാന്തം | ii. | ആനന്ദവർദ്ധനൻ |
| c. | പ്രത്യഭിജ്ഞാദർശനം | iii. | ഭട്ടനായകൻ |
| d. | കാവ്യമീമാംസ | iv. | രാജശേഖരൻ |
| | | v. | മഹിമഭട്ടൻ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | iii | i | ii |
| (2) | iii | v | i | iv |
| (3) | iii | v | ii | i |
| (4) | iii | v | iv | i |

**48.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | അന്തർജ്ഞാനം | i. | ടി. എസ്. എലിയട്ട് |
| b. | ഉദാത്തത | ii. | വേർഡ്സ് വർത്ത് |
| c. | വസ്തു സംയോജകം | iii. | ബനഡറ്റോ ക്രോച്ചെ |
| d. | ഗ്രാമീണ ഭാഷ | iv. | മാത്യൂ അർണോൾഡ് |
| | | v. | ലോംഗിനസ് |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | v | ii | iv |
| (2) | v | iv | i | ii |
| (3) | ii | v | iv | iii |
| (4) | iii | v | i | ii |

**49.** 'പാരഡൈം ഷിഫ്റ്റ്' എന്ന സങ്കല്പം അവതരിപ്പിച്ചത്

(1) ദറിദ  (2) സസ്സൂർ

(3) തോമസ്സ് കൂൻ  (4) ചോംസ്കി

Prepp Your Personal Exam Guide

**50.** കാവ്യാംഗങ്ങൾ ലോകം, വിദ്യ, പ്രകീർണം എന്നിവയാണെന്നു പറഞ്ഞത്

(1) രുദ്രടൻ

(2) ഭാമഹൻ

(3) വാമനൻ

(4) ദണ്ഡി

**51.** ഗുണങ്ങളെ ശബ്ദപരം അർത്ഥപരം എന്നു രണ്ടായി വിഭജിച്ചത്

(1) കുന്തകൻ

(2) അഭിനവഗുപ്തൻ

(3) വാമനൻ

(4) ലൊല്ലടൻ

**52.** 'ലോചനം' എന്ന അഭിനവഗുപ്തന്റെ കൃതി

(1) നാട്യശാസ്ത്രത്തിന്റെ വ്യാഖ്യാനമാണ്

(2) ധ്വന്യാ ലോകത്തിന്റെ വ്യാഖ്യാനമാണ്

(3) രഘുവംശത്തിന്റെ വ്യാഖ്യാനമാണ്

(4) അഭിജ്ഞാന ശാകുന്തളത്തിന്റെ വ്യാഖ്യാനമാണ്

**53.** "മനസ്സിന്റെ കേവലമായ സ്വയം പ്രവർത്തനമാണ് സർ റിയസിസം" എന്ന് പ്രസ്താവിച്ചത് ?

(1) സാൽവദോർ ദാലി

(2) എസ്രാ പൗണ്ട്

(3) ആന്ദ്രേ ബ്രട്ടൺ

(4) ട്രിസ്റ്റൻ സാറാ

**54.** ഘടനാവാദത്തിന്റെ അടിത്തറയായ ഭാഷ (Language) ഭാഷണം (Parole) എന്നീ പരികല്പനകൾ അവതരിപ്പിച്ചതും അതിനെ തന്റെ സിദ്ധാന്തങ്ങളിലേക്ക് സ്വാംശീകരിച്ചതുമായ വ്യക്തികൾ

(1) ഫെർഡിനാന്റ് ഡിസൊസ്സ്യൂറും ക്ലോദ് ലെവിസ്ട്രോസും

(2) ലൂയി അൽത്തുസറും റെനേ വെല്ലക്കും

(3) റൂസ്സോയും മാരിനെറ്റിയും

(4) ഷോ വോൾട്ടറും മുറേ കെയ്ഗറും

Prepp
Your Personal Exams Guide

**55.** ചേരുംപടി ചേർക്കുക.

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| a. | എ തിയറി ഓഫ് സെമിയോട്ടിക്സ് | i. | ദെറിദ |
| b. | ആൻ അപോളജി ഫോർ പോയട്രി | ii. | ക്രോചേ |
| c. | തിയറി ഓഫ് എയ്സ്തറ്റിക്സ് | iii. | ഫിലിപ്പ് സിഡ്നി |
| d. | സ്റ്റഡീസ് ഇൻ യുറോപ്യൻ റിയലിസം | iv. | ഉംബർട്ടോ ഇക്കോ |
| | | v. | ലൂക്കോച്ച് |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | iii | ii | v |
| (2) | i | v | iv | ii |
| (3) | v | iv | ii | i |
| (4) | iii | ii | i | v |

**56.** സംഘകാലത്ത് 'ചെവ്വഴിപ്പണ്' രാഗം പാടിയിരുന്നത്

(1) വൈകുന്നേരം
(2) രാവിലെ
(3) മരണ സമയത്ത്
(4) വിവാഹ സമയത്ത്

**57.** ഉദയംപേരൂർ സൂനഹദോസിന്റെ പ്രത്യക്ഷ ഫലങ്ങൾ :

(a) പള്ളികളിൽ സുറിയാനിഭാഷയ്ക്കു പകരം ലത്തീൻഭാഷ ഉപയോഗിക്കാൻ തുടങ്ങി.
(b) താലികെട്ട്, കുടുമ, മന്ത്രകോടി, ആഭിചാര പ്രയോഗങ്ങൾ തുടങ്ങിയവ നിർത്തലാക്കി.
(c) ക്രിസ്ത്യാനികളുടെ വേഷധാരണ സമ്പ്രദായത്തിൽ പരിഷ്ക്കാരങ്ങൾ നടപ്പാക്കി.
(d) എല്ലാ പള്ളികളിലും കുർബ്ബാന നിർബന്ധമാക്കി.

(1) a മാത്രം ശരി
(2) a, c, d എന്നിവ ശരി
(3) d മാത്രം ശരി
(4) a, b എന്നിവ ശരി

**58.** 'കടവല്ലൂർ അന്യോന്യം' താഴെ കൊടുത്തവയിൽ ഏതുമായി ബന്ധപ്പെട്ടതാണ് ?

(1) രാമായണ പാരായണം
(2) ഋഗ്വേദം
(3) വൈദ്യം
(4) വ്യാകരണം

Prepp
Your Personal Exams Guide

**59.** ചേരുംപടി ചേർക്കുക.

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| a. | ശിലാലിഖിതവിജ്ഞാനീയം | i. | കെ.എ. ജലീൽ |
| b. | പ്രാചീന ഭാരതീയ ലിപി ശാസ്ത്രവും മലയാള ലിപിയുടെ വികാസവും | ii. | വി.ആർ. പരമേശ്വരൻ പിള്ള |
| c. | ലിപികളും മാനവ സംസ്കാരവും | iii. | എൽ.എ. രവിവർമ്മ |
| d. | പ്രാചീന കേരള ലിപികൾ | iv. | ഇളംകുളം കുഞ്ഞൻ പിള്ള |
| | | v. | എസ്.ജെ. മംഗലം |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | i | iv | ii |
| (2) | v | ii | iv | i |
| (3) | ii | v | i | iii |
| (4) | i | iv | v | iii |

**60.** **കാര്യം** : കേരള ചരിത്ര പഠന മേഖലയിൽ ഇളംകുളത്തിന്റെ ഏറ്റവും പ്രധാന സംഭാവന ചേര രാജാവായ സ്ഥാണു രവിയുടെ ഭരണകാലം ക്രി.വ. 844-885 എന്ന് നിശ്ചയിച്ചതാണ്.

**കാരണം** :

(a) കർണ്ണാടക ദേശത്തിൽ നടന്ന സൂര്യഗ്രഹണത്തെ അടിസ്ഥാനമാക്കി-യാണ് ഇത് നിർവ്വഹിച്ചത്.

(b) സ്ഥാണു രവിയുടെ 25-ാം ഭരണ വർഷത്തിലാണ് ക്രി. വ. 866 ൽ ഈ സൂര്യഗ്രഹണം നടന്നത്.

(c) ടി.എ. ഗോപിനാഥറാവു 9-ാം നൂറ്റാണ്ടിന്റെ അന്ത്യാർദ്ധത്തിലാണെന്ന് കരുതിയിരുന്നത്.

(1) കാര്യം ശരി, കാരണം (a) യും (b) യും ശരി.
(2) കാര്യം ശരി, കാരണം (a) മാത്രം ശരി.
(3) കാര്യം ശരി, കാരണം (b) മാത്രം ശരി.
(4) കാര്യം ശരി, കാരണം (c) മാത്രം ശരി.

**61.** പഞ്ചാരിമേളത്തിന് ഉപയോഗിക്കുന്ന വാദ്യങ്ങൾ

(1) ചെണ്ട, ഇടയ്ക്ക, കൊമ്പ്, ഇലത്താളം
(2) ചെണ്ട, കുഴൽ, മൃദംഗം, കൊമ്പ്
(3) ചെണ്ട, കൊമ്പ്, കുഴൽ, ഇലത്താളം
(4) ചെണ്ട, നാഗസ്വരം, കൊമ്പ്, ഇലത്താളം

**62.** സംഘകാല സംസ്കാരം പശ്ചാത്തലമാക്കി മലയാളത്തിലുണ്ടായ നോവൽ

(1) നിലംപൂത്തു മലർന്നനാൾ (2) ആണ്ടാൾ ദേവനായകി

(3) ഊരാളിക്കുടി (4) ആതി

**63.** 'കേരള ദാസൻ' പത്രാധിപർ എം. എം. വർക്കിയെ കാരാഗൃഹത്തിലെത്തിച്ച സംഭവം ഏത് ?

(1) 'ജീവിക്കുകയും ജീവിക്കാൻ അനുവദിക്കുകയും ചെയ്ത' എന്ന മുഖപ്രസംഗം എഴുതിയതിന്

(2) നായർ റഗുലേഷന് എതിരെ മുഖപ്രസംഗം എഴുതിയതിന്

(3) സർക്കാറിന്റെ നയങ്ങൾക്കെതിരെ പ്രതികരിച്ചതിന്

(4) സർ സി.പി.യെ വിമർശിച്ചതിന്

**64.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | കഥാപ്രസംഗം | i. | അക്കിത്തം നാരായണൻ |
| b. | കളരി | ii. | കീലേരി കുഞ്ഞിക്കണ്ണൻ |
| c. | ചിത്രകല | iii. | സി.വി. നാരായണൻ നമ്പ്യാർ |
| d. | സർക്കസ് | iv. | ഓച്ചിറ രാമചന്ദ്രൻ |
| | | v. | മട്ടന്നൂർ ശങ്കരൻകുട്ടി |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | iii | i | ii |
| (2) | iv | iii | i | ii |
| (3) | iv | ii | i | iii |
| (4) | ii | iii | iv | v |

**65.** **കാര്യം** : കേരളീയ സമൂഹത്തിലെ നവോത്ഥാന പ്രക്രിയയ്ക്ക് പുരോഗമനോന്മുഖതയ്ക്കും ചാലകശക്തിയായി മലയാള നാടകവേദി മാറിയിട്ടുണ്ട്.

**കാരണം** : (a) നാടകാവതരണങ്ങൾ സന്ദേശത്തിന്റെ പ്രത്യക്ഷാനുഭവം നൽകുന്നതിലൂടെ ആഴത്തിൽ സമൂഹത്തെ സ്വാധീനിക്കുന്നു.

(b) തോപ്പിൽ ഭാസി, വി.ടി., എം.ബി. ഭട്ടതിരിപ്പാട് തുടങ്ങിയവർ സമൂഹ പരിഷ്കരണ പ്രവർത്തനങ്ങളിൽ ഇടപെട്ടവരുമാണ്.

(c) നാടകം ആ കാലഘട്ടത്തിൽ ജനങ്ങളെ ആകർഷിച്ചിരുന്ന ഏക കലാരൂപമായിരുന്നു.

(1) (a) മാത്രം ശരി. (2) (a) യും (b) യും ശരി.

(3) (a) യും (c) യും ശരി. (4) (c) മാത്രം ശരി.

Prepp
Your Personal Exams Guide

**66.** താഴെ കൊടുത്തിരിക്കുന്നതിൽ മിശ്ര വിഭക്തി വരുന്ന വാക്യമേത് ?

(1) പാമ്പിനെ വടിയാൽ അടിച്ചുകൊന്നു

(2) കണ്ണ് കോപം കൊണ്ടു ചുവന്നു

(3) രാമൻ പശുവിനെ വിറ്റു

(4) ബാലൻ വക്കീലിന് ഫീസ് കൊടുത്തു

**67.** ചേരുംപടി ചേർക്കുക.

| **പട്ടിക I** | | **പട്ടിക II** | |
|---|---|---|---|
| a. | നീണാൾ | i. | റുടോർ ദ്വിത്വം ച |
| b. | വിണ്ടലം | ii. | മസ്യ യഥായോഗം കാദിഷു പഞ്ചമ: |
| c. | കണ്ണീർ | iii. | ളോനേ |
| d. | നാട്ടകം | iv. | ണസ്തസ്യ ട: |
| | | v. | നോ ണ: |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | iv | v | i |
| (2) | iii | i | v | iv |
| (3) | v | ii | iii | i |
| (4) | iv | i | v | ii |

**68.** ആനൈ > ആന; അടിത്തു > അടിച്ചു; എന്നീ ഭാഷാ പരിണാമത്തിൽ പ്രവർത്തിച്ച നയങ്ങൾ ഏത് ?

(1) അനുനാസികാതിപ്രസരവും താലവ്യാദേശവും

(2) താലവ്യാദേശവും അംഗഭംഗവും

(3) സ്വരസംവരണവും താലവ്യാദേശവും

(4) അംഗഭംഗവും സ്വരസംവരണവും

**69.** തദ്വത് തദ്ധിതത്തിന് ഉദാഹരണമല്ലാത്തത്

(1) ഭ്രാന്തൻ നായ

(2) തെക്കൻ കാറ്റ്

(3) കുട്ടൻ തമ്പുരാൻ

(4) കൂനൻ കുരിശ്

**70.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | അറബിക് | i. | ബാണ്ടു |
| b. | ജർമ്മൻ | ii. | ദ്രാവിഡം |
| c. | ബ്രാഹൂയി | iii. | ഇൻഡോ യൂറോപ്യൻ |
| d. | സ്വാഹിലി | iv. | ആസ്ട്രിക് |
| | | v. | സെമിറ്റിക് |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | iii | i | ii |
| (2) | v | iii | ii | i |
| (3) | iv | v | ii | i |
| (4) | iii | iv | ii | i |

**71.** താഴെ കൊടുത്തിരിക്കുന്നതിൽ അല്പവ്യത്യയ ജോഡി അല്ലാത്തത്

(1) ചാരി - ചാറി
(2) പാര - പാറ
(3) മീശ - ദോശ
(4) താലം - പാലം

**72.** താഴെ കൊടുത്തിരിക്കുന്ന വാക്യത്തിൽ ഇരട്ടിപ്പ് എന്ന വിഭക്ത്യാഭാസം വരുന്ന പ്രയോഗം ഏത് ?

തിമിർത്തു പെയ്യുന്ന മഴയിലോട്ട് ഇറങ്ങിയപ്പോൾ അവന്റെ കൈയ്യിൽ കുടയില്ലാത്തതി-നാൽ നല്ലവണ്ണം നനയേണ്ടതായി വന്നു.

(1) അവന്റെ കൈയ്യിൽ
(2) നനയേണ്ടതായി
(3) മഴയിലോട്ട്
(4) കുടയില്ലാത്തതിനാൽ

**73.** ‘അം’-ൽ നിന്ന് നേരിട്ട് ‘അത്ത്’ വന്നു എന്നു സ്ഥാപിക്കാൻ പറ്റുന്ന ഉദാഹരണം ഏത് ?

(1) സമീപത്ത്
(2) വെയിലത്ത്
(3) ഇരുട്ടത്ത്
(4) മഴയത്ത്

Prepp
Your Personal Exams Guide

**74.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | ഹാജർ | i. | പേർഷ്യൻ |
| b. | കുശിനി | ii. | ജാപ്പനീസ് |
| c. | ശിപായി | iii. | പോർച്ചുഗീസ് |
| d. | സുനാമി | iv. | അറബിക് |
| | | v. | ഡച്ച് |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | iii | i | ii |
| (2) | v | iv | ii | i |
| (3) | iii | iv | i | ii |
| (4) | ii | iii | v | iv |

**75.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | പ്രജനന കവ്യാകരണം | i. | ഡാനിയൽ ജോൺസ് |
| b. | വിവരണാത്മ കവ്യാകരണം | ii. | ജീൻ പിയാഷെ |
| c. | താരതമ്യഭാഷാവിജ്ഞാനം | iii. | നോം ചോംസ്കി |
| d. | ശിശുഭാഷാപഠനം | iv. | ബ്ലൂം ഫീൽഡ് |
| | | v. | വില്യം ജോൺസ് |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | i | iv | v | iii |
| (2) | iii | iv | i | ii |
| (3) | iv | v | i | iii |
| (4) | iii | iv | v | ii |

Prepp Your Personal Exam Guide